പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1609 13.06.2014- ൽ മറുപടിക്ക്

വൃദ്ധജന പരിപാലനം

ചോദ്യം
ശ്രീ. പി.സി ജോർജ്
ഡോ.എൻ ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം.വി. ശ്രേയാംസ് കുമാർ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| വൃദ്ധരായ മാതാപിതാക്കൾക്ക് ഭവനങ്ങളിൽ വേണ്ടത്ര പരിചരണമോ പരിഗണനയോ ലഭിക്കാതെ രോഗാവസ്ഥകളിലും മറ്റും ഒറ്റപ്പെടുന്ന അവസ്ഥാവിശേഷം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത്, പഞ്ചായത്തുകളുടെ ഫലപ്രദമായ ഇടപെടലിലൂടെ വൃദ്ധജന പരിപാലനം ഉറപ്പ് വരുത്താൻ ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ? | കുട്ടികളുടെയും ഭിന്നശേഷിയുള്ളവരുടെയും വയോജനങ്ങളുടെയും ഉന്നമനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിന്റെ 5% മാറ്റി വച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഒരു പഞ്ചായത്തിനെ ഏജ് ഫ്രണ്ട്ലി പഞ്ചായത്താക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ശയ്യാവലംബികളായ മുതിർന്ന പൗരന്മാരുടെ വീടുകളിലെത്തി പരിചരിക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന തെരഞ്ഞെടുക്കപ്പെട്ട കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിൽ നടപ്പിലാക്കി വരുന്ന 'വയോമിത്രം' പദ്ധതി ക്രമേണ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ